പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3126 — 15.02.2013 ൽ – മറുപടിക്ക്

# ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ബയോ മെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നിയന്ത്രിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (എ) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കാർഡ് ഡാറ്റാ ആധാറുമായി ലിങ്ക് ചെയ്യുന്ന ജോലികൾ പൂർത്തിയാകുന്നതോടെ റേഷൻ കടകളിലൂടെ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് ഡി.പി.ആർ. വകുപ്പ് തലത്തിൽ തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ? | (ബി) മേൽ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിതരണ രംഗത്തെ അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, വ്യാജ റേഷൻകാർഡുകളുടെ ഉപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. |
| (സി) പദ്ധതി നടപ്പാക്കുന്നതു വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരും; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) മേൽ പദ്ധതി നടപ്പാക്കുന്നത് വഴി എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുകയാണ്. റേഷൻ കടകളിൽ smart card / Biometric verification ചെയ്യുന്നതിനുള്ള POS മെഷീനുകൾ സ്ഥാപിക്കേണ്ടതുമുണ്ട്. ഇതിലൂടെ വിതരണ ശൃംഖല പൂർണ്ണമായി സുതാര്യമാകുന്നതാണ്. |
| (ഡി) പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ഡി) കേരളത്തിൽ മേൽ പദ്ധതിയുടെ പ്രാരംഭ ഘട്ടമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ digitize ചെയ്യുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള പദ്ധതി ചെലവിന്റെ 50% കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുകയും അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ